# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ- 4436 — 20.10.2011-ൽ മറുപടിക്ക്

### വിഷൻ ഇന്ത്യാ പ്രോജക്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. ഇ.കെ. വിജയൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) വിഷൻ ഇന്ത്യാ പ്രോജക്ട് എന്ന പദ്ധതി യുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷൻ വിവിധ ഏഷ്യൻ രാജ്യങ്ങളിൽ ഫുട്ബോൾ നില വാരം ഉയർത്തുന്നതിനായി തയ്യാറാക്കിയിട്ടുള്ള വിഷൻ ഏഷ്യ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണ് 'വിഷൻ ഇന്ത്യ കേരള' പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഫുട്ബോളിന്റെ ഉന്നമനം ലക്ഷ്യം വച്ച് കൊണ്ട് Grass root തലത്തിൽ കുട്ടികളുടെ ഫുട്ബോളിലുള്ള കഴിവ് വികസിപ്പിച്ചെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം: |
| (ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) ആദ്യഘട്ടത്തിൽ ആരംഭിച്ച 7 ജില്ലകളിൽ ഓരോ ജില്ലയിൽ നിന്നും 8 വീതം സ്കൂളുകളെ പദ്ധതിയുടെ കീഴിൽ കൊണ്ടുവരികയും അവർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഒരു സ്കൂളിൽ 40 കുട്ടികളെ വീതം 8 സ്കൂളുകളിലായി 320 കുട്ടികൾ വച്ച് 7 ജില്ലകളിൽ 2240 കുട്ടികൾക്ക് പരിശീലനം ആരംഭിക്കുകയും ഇപ്പോൾ ടി സ്ക്കൂളുകളിൽ 25 കുട്ടികളെ വീതം 8 സ്ക്കൂളുകളിലായി 200 കുട്ടികൾ വച്ച് 7 ജില്ലകളിൽ 1400 കുട്ടികൾക്ക് പരിശീലനം നൽകി വരികയും ചെയ്യുന്നു. ജില്ലകൾക്ക് ഫുട്ബോളും യൂണിഫോമും വാങ്ങുന്നതിനായി 50,000/- രൂപ വീതം നൽകിയിട്ടുണ്ട്.<br>രണ്ടാം ഘട്ടത്തിൽ ആരംഭിച്ച 7 ജില്ലകളിൽ ഓരോ ജില്ലയിൽ നിന്നും 5 വീതം സ്ക്കൂളുകളെ പദ്ധതിയുടെ കീഴിൽ കൊണ്ടുവരികയും അവർക്ക് പരിശീലനം നൽകി വരികയും ചെയ്യുന്നു. ഒരു സ്ക്കൂളിൽ 25 കുട്ടികളെ വീതം 5 സ്ക്കൂളുകളിലായി 125 കുട്ടികൾ വച്ച് 7 ജില്ലകളിൽ 875 കുട്ടികൾക്ക് പരിശീലനം നൽകിവരുന്നു. ജില്ലകൾക്ക് ഫുട്ബോളും യൂണിഫോമും വാങ്ങുന്നതിലേയ്ക്കായി 75000/- രൂപ വീതം നൽകിയിട്ടുണ്ട്. |

[illegible] പരിശീലനം നൽകുകയും കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിൽ Introductory Course, Referesher Course എന്നിവ നൽകുകയും ചെയ്തിട്ടുണ്ട്;

(സി) പ്രസ്തുത പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തെല്ലാം സഹായങ്ങൾ ലഭിക്കുന്നുണ്ട്; ഇതിനകം എത്ര തുക ചെലവഴിച്ചു;

(സി) കേന്ദ്ര ഗവൺമെന്റിൽ നിന്നും ഈ പദ്ധതിക്കായി സഹായങ്ങളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാരിൽ നിന്നും ഇതിനായി 2008-09 വർഷത്തിൽ 12,59,781/- രൂപയും, 2009-10 വർഷത്തിൽ 20,61,881/- രൂപയും, 2010-11 വർഷത്തിൽ 29,44,935/- രൂപയും, 2011 വർഷത്തിൽ സെപ്തംബർ മാസം വരെ 12,62,160/- രൂപയും ചെലവഴിയ്ക്കുകയുണ്ടായി;

(ഡി) പ്രസ്തുത പദ്ധതിക്കായി എത്ര സെന്ററുകൾ തെരഞ്ഞെടുത്തിട്ടുണ്ട്; ഓരോ സെന്ററിനുവേണ്ടിയും എത്ര തുക ചെലവഴിച്ചു;

(ഡി) ആദ്യഘട്ടത്തിൽ പദ്ധതി ആരംഭിച്ച 7 ജില്ലകളിൽ ഓരോ ജില്ലയിൽ നിന്നും 8 വീതവും രണ്ടാം ഘട്ടത്തിൽ ആരംഭിച്ച 7 ജില്ലകളിൽ ഓരോ ജില്ലയിൽ നിന്നും 5 വീതവും സ്കൂളുകളെ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇടുക്കി ജില്ല ഒഴികെയുള്ള സെന്ററുകൾക്ക് വേണ്ടി ചെലവഴിച്ച തുക അനുബന്ധമായി ചേർത്തിട്ടുണ്ട്;

(ഇ) പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തുമോ ?

(ഇ) വിലയിരുത്തുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.